LIBRARY ARCHIVES Kerala Legislative Assembly

## വയനാട് ജില്ലയിലെ ശരണ്യ സ്വയംതൊഴിൽ പദ്ധതി

225(4189) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വയനാട് ജില്ലയിൽനിന്നും എത്ര അപേക്ഷകരാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽനിന്നും ഓരോ വർഷവും എത്ര അപേക്ഷകരെ തിരഞ്ഞെടുത്തു എന്നതിന്റെ താലൂക്കുതലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോവർഷവും എത്ര തുക ജില്ലയിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കഴിഞ്ഞ 3 വർഷങ്ങളിലായി (2010-11, 2011-12, 2012-13) വയനാട് ജില്ലയിൽ ശരണ്യാ സ്വയംതൊഴിൽ പദ്ധതിക്കായി ആകെ 251 അപേക്ഷകൾ ഉണ്ടായിരുന്നു. 2013-14 വർഷത്തിൽ പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചിരുന്നില്ല.

(ബി) ഓരോ വർഷവും തിരഞ്ഞെടുത്ത അപേക്ഷകരെ സംബന്ധിച്ച താലൂക്കടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ശരണ്യാ പദ്ധതി പ്രകാരം-2010-11-ൽ 8,00,000 (എട്ട് ലക്ഷം) രൂപയും, 2011-12-ൽ 17,50,000 (പതിനേഴ് ലക്ഷത്തി അൻപതിനായിരം) രൂപയും 2012-13-ൽ 20,50,000 (ഇരുപത് ലക്ഷത്തി അൻപതിനായിരം രൂപയും) 2013-14 -ൽ 59,90,000 (അൻപത്തി ഒമ്പത് ലക്ഷത്തി തൊണ്ണൂറായിരം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## സുസ്ഥിര തൊഴിൽ വികസന പദ്ധതി

226 (4190) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുസ്ഥിര തൊഴിൽ വികസന പദ്ധതിക്കുകീഴിൽ ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

### ഉത്തരം

തൊഴിൽ വകുപ്പിനുകീഴിൽ ഇത്തരം ഒരു പദ്ധതി നിലവിലില്ല.

## പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി

227 (4191) ശ്രീ. എ. റ്റി ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 25-30 വർഷം പ്ലാന്റേഷനിൽ ജോലി ചെയ്തുകഴിഞ്ഞ് റിട്ടയർ ചെയ്യുമ്പോൾ സ്വന്തമായി വീടില്ലാത്ത പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തം വീട് ലഭ്യമാകുന്ന പദ്ധതിയാണ് ഇത്. കൂടാതെ പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ഭവനം പദ്ധതിയിലൂടെ തൊഴിലാളികളെ പ്ലാന്റേഷൻ മേഖലയിൽ നിലനിർത്തുന്നതിന് സാഹചര്യമുണ്ടാകുന്നതാണ്.

(സി) ചെലവുകുറഞ്ഞ ഏകദേശം 500-600 സ്ക്വയർ ഫീറ്റ് ഉള്ള 2 ബെഡ്റൂമോടുകൂടിയ ഫ്ളാറ്റ്/സിംഗിൾ മോഡൽ/ ഫ്ളാറ്റ് മോഡൽ വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവർക്ക് പൊതുസ്ഥലം, കിന്റർഗാർഡൻ, വേസ്റ്റ് ഡിസ്പോസൽ സൗകര്യങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സൗകര്യങ്ങളും പൊതുവായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് 1956-ലെ കമ്പനി നിയമപ്രകാരം (സെക്ഷൻ-25) "ഭവനം ഫൗണ്ടേഷൻ കേരള" എന്ന കമ്പനി 11-1-2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മൊത്തം 25 കോടിരൂപ ഈ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം പ്ലാന്റേഷനുകൾ വിട്ടുനൽകുകയും അങ്ങനെയുള്ള പ്ലാന്റേഷനും ഭവനം ഫൗണ്ടേഷനും Beneficiary-യും കൂടി സംയുക്തമായി ഫണ്ട് വിനിയോഗിച്ച് തൊഴിലാളിക്ക് സ്വന്തമായി വീട് നൽകുകയും ചെയ്യുന്ന സംവിധാനമാണ് ഉദ്ദേശിക്കുന്നത്. പുനലൂരുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ) കുളത്തൂപ്പുഴ റബ്ബർ എസ്റ്റേറ്റിലും M/s. Plantation Corporation Kerala, Kottayam (H.O) (PCK) യുടെ കാസർഗോഡ് കാഷ്യു എസ്റ്റേറ്റിലും ഇതുസംബന്ധിച്ച് സ്ഥലം വിട്ടുനൽകുന്നതിന് തത്വത്തിൽ അംഗീകരിക്കുകയും ടി സ്ഥലങ്ങളിൽ 'ഭവനം പദ്ധതി' നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly